## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6234 09/07/2013-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.കെ. ബഷീർ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കി വരുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെയായി എത്ര പട്ടികവർഗ്ഗക്കാർക്ക് ആനുകൂല്യം ലഭ്യമാക്കി; വിശദാംശം ലഭ്യമാക്കുമോ; | (ബി) | 31.01.2012 ൽ ശേഖരിച്ച കണക്ക് പ്രകാരം 1,14,800 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. |
| (സി) | പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി ആനുകൂല്യത്തിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-എ

### ആരോഗ്യ പരിചരണം

ഈ പദ്ധതി പട്ടികവർഗ ആരോഗ്യ സുരക്ഷാ പദ്ധതി എന്ന് അറിയപ്പെടുന്നു.

### ഗുണഭോക്താക്കൾ

സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗക്കാരും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആയിരിക്കും.

### പദ്ധതി നടപ്പിലാക്കുന്ന സ്ഥാപനങ്ങൾ

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകളും ഇതുമായി ബന്ധപ്പെട്ട ആശുപത്രികളും, കണ്ണൂർ ജില്ലയിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജ്, എറണാകുളം ജില്ലയിലെ സഹകരണ മെഡിക്കൽ കോളേജ്, തിരുവനന്തപുരം ജില്ലയിലെ ശ്രീചിത്തിര തിരുനാൾ മെഡിക്കൽ സയൻസ് ആൻറ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, റീജിയണൽ ക്യാൻസർ സെൻറർ, മലബാർ ക്യാൻസർ സെൻറർ, ശ്രീ.അവിട്ടം തിരുനാൾ ആശുപത്രി എന്നീ സ്ഥാപനങ്ങൾ വഴി ഈ പദ്ധതി നടപ്പിലാകുന്നു.

ഈ പദ്ധതി പ്രകാരം എല്ലാ ജില്ലാ (14) മെഡിക്കൽ ആഫീസർമാർ(ഹെൽത്ത്)ക്കും മുകളിൽ പരാമർശിക്കുന്ന സ്ഥാപനങ്ങളുടെ സൂപ്രണ്ടുമാർക്കും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം തുക അനുവദിക്കുന്നതാണ്. ജില്ലാ മെഡിക്കൽ ആഫീസർമാർ അവരുടെ അധീനതയിലുള്ള ജില്ലാ, താലൂക്ക് ആശുപത്രികൾക്കും പട്ടികവർഗ്ഗക്കാർ ചികിത്സ തേടിയെത്തുന്നതിൻെറ കണക്കനുസരിച്ച് കമ്മ്യൂണിറ്റി/ പ്രൈമറി ഹെൽത്ത് സെൻ്ററുകൾക്കും ആവശ്യാനുസരണം തുക അനുവദിക്കുകയും ചെയ്യുന്നു.

ഘടകങ്ങൾ

താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് ഈ പദ്ധതി പ്രകാരം തുക ചെലവഴിക്കാവുന്നതാണ്.

1. ആശുപത്രികളിൽ സൗജന്യമായി നൽകുവാൻ ലഭ്യമല്ലാത്ത മരുന്നുകൾ ആശുപത്രിയോട് അനുബന്ധിച്ചുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് വാങ്ങുന്നതിനുള്ള ചെലവ്.

2. ആശുപത്രികളോട് അനുബന്ധിച്ചുള്ള ഹോസ്പിറ്റൽ ഡെവലപ്മെൻറ് കമ്മറ്റിയുടെ അധീനതയിലുള്ള മെഡിക്കൽസ്റ്റോറുകളിൽ നിന്നും ലഭ്യമല്ലാത്ത മരുന്നുകൾ പുറത്തുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് വാങ്ങുന്നതിനുള്ള ചെലവ്.

3. ആശുപത്രികളിൽ നിന്നുമുള്ള ലാബ് ടെസ്റ്റുകൾ.

4. സർക്കാർ ആശുപത്രികൾ / സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗജന്യമായി ലഭ്യമാകാത്ത ലാബ് ടെസ്റ്റുകൾ പുറത്തുനിന്നുള്ള സ്ഥാപനങ്ങളിൽ നിന്ന് ചെയ്യുന്നതിനുള്ള ചെലവ്.

5. രോഗികൾക്ക് ചികിത്സയ്ക്കായി അത്യാവശ്യം വേണ്ടിവരുന്ന ചികിത്സാ ഉപകരണങ്ങൾ ആശുപത്രികളിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പുറത്തുനിന്നും ലഭ്യമാക്കുന്നതിനുള്ള ചെലവ്.

6. രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും അവശരായ രോഗികളെ ചികിത്സ കഴിഞ്ഞ് വീടുകളിൽ തിരിച്ച് എത്തിക്കുന്നതിനും മരണമടഞ്ഞവരുടെ മൃതദേഹം വീടുകളിൽ എത്തിക്കുന്നതിനും വേണ്ടിവരുന്ന യഥാർത്ഥ ആംബുലൻസ്/ വാഹന വാടക.

7. ആശുപത്രികളിൽ രോഗികളായവർക്കും സൗജന്യ ഭക്ഷണം ലഭ്യമല്ലാത്ത അവസരങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം 150/- രൂപ വരെയുള്ള ചെലവ്.

8. ആശുപത്രികളിൽ രോഗികളായവരുടെ കൂട്ടിരിപ്പിനായി തങ്ങുന്ന ഒരാൾക്ക് പ്രതിദിനം 200/- രൂപ വരെയുള്ള ചെലവ്.

സെക്ഷൻ ഓഫീസർ

# അനുബന്ധം-ബി

## മാനദണ്ഡങ്ങൾ

### ചികിത്സ തേടിയെത്തുന്നവർ സമർപ്പിക്കേണ്ട രേഖകൾ

1. രോഗികൾ ചികിത്സ തേടിയെത്തുമ്പോൾ ടിയാൾ പട്ടികവർഗക്കാരനാണെന്ന് തെളിയിക്കുന്നതിന് താഴെ പറയുന്ന ഏതെങ്കിലും രേഖകൾ ആശുപത്രി അധികൃതർക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

   a) പട്ടികവർഗ വികസന വകുപ്പ് വഴി നൽകുന്ന തിരിച്ചറിയൽ കാർഡ്.

   b) പ്രോജക്ടാഫീസർ/പട്ടികവർഗ വികസന ആഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ നൽകുന്ന സാക്ഷ്യപത്രം.

   c) രോഗിയുടെ ചികിത്സാ ചെലവ് 10,000/- രൂപക്ക് മുകളിൽ വേണ്ടിവരുമ്പോൾ വരുമാന സർട്ടിഫിക്കറ്റ് നൽകിയാൽ മതിയാകും.

   d) വരുമാന സർട്ടിഫിക്കറ്റ്/ റേഷൻ കാർഡ്.

2. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ചികിത്സ ചെലവ് 50,000/- രൂപക്ക് മുകളിൽ വരുമ്പോൾ സർക്കാർ അനുമതി ലഭിക്കുന്നതിനായി, ചികിത്സ തേടുന്ന രോഗിയുടെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ (അസൽ) (റവന്യൂ അധികൃതർ നൽകുന്ന), ചികിത്സ ചെലവ് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് എന്നിവ ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടിന്റെ ശുപാർശ സഹിതം പട്ടികവർഗ വികസന ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ